# ഭാരതമാതാ കോളജിൽ ഡിബേറ്റ് മത്സരം നടത്തി

**കൊച്ചി:** കാലാവസ്ഥ വ്യതിയാനം ആസ്പദമാക്കി തൃക്കാക്കര ഭാരതമാതാ കോളജിലെ സുവോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫാ. ജേക്കബ് കരിയാറ്റി മെമ്മോറിയൽ അഖില കേരള ഇന്റർ കോളീജിയറ്റ് ഡിബേറ്റ് മത്സരം നടത്തി. എറണാകുളം സെന്റ് തെരേസാസ് കോളജ് (റിതിക രാഘവ്, ജെ.കെ. നിത്യശ്രീ) ഒന്നാം സ്ഥാനം നേടി.

തേവര സേക്രഡ് ഹാർട്ട്, ആലുവ യു.സി കോളജുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തി. സേക്രഡ് ഹാർട്ടിലെ രാഗാ തങ്കച്ചനെ ബെസ്റ്റ് സ്പീക്കർ ആയി തെരഞ്ഞെടുത്തു. സമ്മാനദാന ചടങ്ങിൽ പ്രഫ. ഫ്രാൻസിസ് ജോസഫ്, ഡോ. ജി. പ്രിയലക്ഷ്മി, ഡോ. സിമി ജോസഫ് പി, ഡോ. ഷെറിൻ ആന്റണി എന്നിവർ പ്രസംഗിച്ചു.